## മാർച്ച് 2008 പരീക്ഷ
## മലയാളം

### പ്രധാനപ്പെട്ട ചോദ്യങ്ങൾ
### 'ബി വിഭാഗം'

### കവിത: സീതാസ്വയംവരം

1. ''മന്ദഹാസത്തോടെ രാഘവനതു കേട്ടു
മന്ദം മന്ദം പോയ് ചെന്നുനിന്നു കണ്ടിതു ചാപം.''
i. എന്തു കേട്ടിട്ടാണു രാഘവൻ മന്ദഹസിച്ചത്?
ii. 'ചാപം' എത്? രാഘവൻ പിന്നീട് ചെയ്തതെന്ത്?

2. 'വില്ലെടുക്കാമോ? കുലച്ചീടാമോ? വലിക്കാമോ? ചൊല്ലുക'
i. ആരുടേതാണീ വാക്കുകൾ?
ii. ആരോടണു ചോദിക്കുന്നത്?
iii. അദ്ദേഹം പറയുന്ന മറുപടി എന്ത്?

3. 'ഉത്സാഹം കൈക്കൊണ്ടു വിശ്വേശ്വരനുടെ വിവാ-
ഹോത്സവംഭഘോഷം കണ്ടു കൗതുകം പൂണ്ടാർ'
i. എതു കവിയുടേതാണീ വരികൾ? കൃതി ഏത്?
ii. ആരാണു കൗതുകം പൂണ്ടത്?
iii. 'വിശ്വേശ്വരൻ' എന്നു വിശേഷിപ്പിച്ചിരിക്കുന്നത് ആരെ?

4. സന്ദർഭം ആശയം അലങ്കാരം എന്നിവ എഴുതുക
'മൈഥിലി മയിൽപ്പേടപോലെ സന്തോഷം പൂണ്ടാൾ
കൗതുകമുണ്ടായ്‌വന്നു ചേതസി കൗശികനും'

5. സീതാസ്വയംവരം എന്ന കവിതയെ മുൻ നിർത്തി
എഴുത്തച്ഛന്റെ വർണനാപാടവം വിലയിരുത്തുക.

6. ശ്രീരാമൻ വില്ലു കുലച്ചു മുറിച്ചപ്പോൾ സ്വയംവരവേളയിൽ
ഉണ്ടായിരുന്നവരുടെ പ്രതികരണങ്ങൾ വിവരിക്കുക.

*********